**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1456** **01-02-2024 - ൽ മറുപടിയ്ക്ക്**

**നവകേരള സദസ്സിനായി സ്കൂളുകളുടെ മതിലുകൾ പൊളിച്ച് മാറ്റിയ സംഭവത്തിൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീമതി ഉമ തോമസ്,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | നവകേരള സദസ്സിനായി നിരവധി സർക്കാർ സ്കൂളുകളുടെ അടക്കം മതിലുകൾ പൊളിച്ചു മാറ്റിയ സംഭവങ്ങൾ ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | നവകേരള സദസ്സുമായി ബന്ധപ്പെട്ട വിഷയങ്ങൾ ജില്ലാ ഭരണകൂടത്തിന്റെ നിയന്ത്രണത്തിലാണ് നിർവഹിച്ചിരുന്നത്. ഇപ്രകാരം, നവകേരള സദസ്സ് സംഘടിപ്പിക്കുന്ന സ്ഥലം തിരഞ്ഞെടുത്തതും, ഇതിലേക്കുള്ള സൗകര്യങ്ങൾ ഒരുക്കിയിരുന്നതും ജില്ലാ ഭരണകൂടമാണ്. ഇതിന്റെ ഭാഗമായി നവകേരള സദസ്സ് സംഘടിപ്പിക്കുന്നതിന് തിരഞ്ഞെടുത്ത സ്കൂളുകളോട് അനുബന്ധിച്ചുള്ള സ്ഥലങ്ങളിൽ, പൊതുജനങ്ങൾക്കും, വാഹനങ്ങൾക്കും പ്രവേശിക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടായ സാഹചര്യങ്ങളിൽ വഴിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലാ ഭരണകൂടം സ്കൂൾ അധികൃതരുമായും, പൊതു വിദ്യാഭ്യാസ വകുപ്പ് അധികൃതരുമായും ബന്ധപ്പെട്ടാണ് മതിലുകൾ പൊളിച്ചുമാറ്റിയിട്ടുള്ളത്. |
| (ബി) | നവകേരള സദസ്സിന്റെ ഭാഗമായി സ്കൂളുകളുടെ മതിലുകൾ പൊളിക്കാനുണ്ടായ സാഹചര്യം വിദ്യാഭ്യാസ വകുപ്പിനെ അറിയിച്ചിരുന്നോ; അനുമതി തേടിയിരുന്നോ; വിശദമാക്കാമോ; | (ബി) | നവകേരള സദസ്സുമായി ബന്ധപ്പെട്ട വിഷയങ്ങൾ ജില്ലാ ഭരണകൂടത്തിന്റെ നിയന്ത്രണത്തിലാണ് നിർവഹിച്ചിരുന്നത്. ഇപ്രകാരം, നവകേരള സദസ്സ് സംഘടിപ്പിക്കുന്ന സ്ഥലം തിരഞ്ഞെടുത്തതും, ഇതിലേക്കുള്ള സൗകര്യങ്ങൾ ഒരുക്കിയിരുന്നതും ജില്ലാ ഭരണകൂടമാണ്. ഇതിന്റെ ഭാഗമായി നവകേരള സദസ്സ് സംഘടിപ്പിക്കുന്നതിന് തിരഞ്ഞെടുത്ത സ്കൂളുകളോട് അനുബന്ധിച്ചുള്ള സ്ഥലങ്ങളിൽ, പൊതുജനങ്ങൾക്കും, വാഹനങ്ങൾക്കും പ്രവേശിക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടായ സാഹചര്യങ്ങളിൽ വഴിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലാ ഭരണകൂടം സ്കൂൾ അധികൃതരുമായും, പൊതു വിദ്യാഭ്യാസ വകുപ്പ് അധികൃതരുമായും ബന്ധപ്പെട്ടാണ് മതിലുകൾ പൊളിച്ചുമാറ്റിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | നവകേരള സദസ്സിന്റെ ഭാഗമായി പൊളിച്ചു മാറ്റിയ സ്കൂളുകളുടെ മതിലുകൾ പുനർനിർമ്മിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | നവ കേരള സദസിന്റെ ഭാഗമായി സംസ്ഥാനത്ത് ആകെ 9 സ്കൂളുകളുടെ മതിലുകൾ പൊളിച്ചുമാറ്റിയിട്ടുണ്ട്.ഇപ്രകാരം പൊളിച്ചുമാറ്റിയവയിൽ 8 സ്കൂളുകളുടെയും മതിലുകളുടെ പുനർനിർമ്മാണം പൂർത്തിയായിട്ടുള്ളതാണ്.<br><br>ആലപ്പുഴ ജില്ലയിലെ മാവേലിക്കര ജിവി. എച്ച്.എസ്.എസ്.സ്കൂളിൽ പൊളിച്ച മതിൽ പുതുക്കി പണിയുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ